# *അപൂർവ്വരാഗങ്ങൾ****

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc.., Ph.D.*)

കയ്പ്പയുടെ കയ്പ്പും
പുളിയുടെ പുളിയും
മധുരമേറും മധുവാകും;
മമതയാൽ സർവ്വനിറവും
ഉടുവസ്ത്ര പ്രണയമാകും;
അവതാളത്തിൽ അന്തർലീനം
ചടുലതാളമെന്നറിവാകും;
ദ്വൈതദ്വൈത സംഹിത
വർഗ്ഗവർഗ്ഗീകരണ വെളിവാകും;
രാഷ്ട്രമീമാംസാപ്പൊരുളുകൾ
മത്സ്യമാംസാദികൾക്കതീതമാകും;
ധവളവെളിച്ചമൊളിക്കും രാജി-
യനന്തവർണ്ണലയമാകും;
വിവാദിസ്വരാവജ്ഞപ്പഴക്കം
കാലാതീതാസ്വാദനമുത്താകും.

*ഇന്ദുനേത്രാഗ്നി*
*വേദബാണർത്തു*
*ആർഷവസുബ്രഹ്മാദിശി*
*രുദ്രാദിത്യാദി*
*ദ്വാദശ ചക്രങ്ങളിൽ****

വിവാദി സ്വരമേളങ്ങൾ
നാളിതിലെഴുതാത്ത
സ്വനകമ്പനം ചാലിച്ചു
അർത്ഥപൂർണ്ണമഞ്ജരി:

നീളൻ കെട്ടിടമുകളിലിഴയും
മഴമേഘ സംവാദക്കോലായയിൽ
അകമ്പുറം കാളീകോലംപേറും

## ഗാനപ്പെരുമാൾ വിവാദിമേളയിൽ
## പ്രേമകാമമഷിയിലാലേഖനം...

*******************************************************************************************************

12 അടിസ്ഥാനസ്വരങ്ങളിലെ സപ്തസ്വരങ്ങൾ കൂടിച്ചേർന്നുണ്ടായ 72 സമ്പൂർണ്ണരാഗങ്ങളാണ് കർണ്ണാടക സംഗീതശാസ്ത്രത്തിന്റെ ആധാരശില (മേളകർത്താരാഗങ്ങൾ). ഇവയെ ആറെണ്ണം വീതമുള്ള പന്ത്രണ്ട് ചക്രങ്ങളായി വിഭജിച്ചിരിക്കുന്നു (6 X 12 = 72). അവയുടെ നാമങ്ങളാണ് കവിതയ്ക്കിടയിൽ *ഇറ്റലിക്സിൽ* വായിച്ചത് — *ഇന്ദു* (1) , *നേത്ര* (2), *അഗ്നി* (3), *വേദ* (4), *ബാണ* (5), *ഋതു* (6), *ഋഷി* (7), *വസു* (8), *ബ്രഹ്മ* (9), *ദിശി* (10), *രുദ്ര* (11), *ആദിത്യ* (12). (പദ്യവൽക്കരണം എന്റെ വക. ആറാമത്തേത് ഋതുചക്രവും ഏഴാമത്തേത് ഋഷിചക്രവും; കവിതയ്ക്കിടയിൽ "അർത്തു, "ആർഷ" എന്നിങ്ങനെ പാഠഭേദത്തോടെയാണ് അവ ഉപയോഗിച്ചത്).

1, 6, 7, 12 എന്നീ ചക്രങ്ങളിലെ എല്ലാ രാഗങ്ങളും (4 X 6 = 24), ബാക്കി എട്ടു ചക്രങ്ങളിലെ ആദ്യാന്തരാഗങ്ങളും (8 X 2 = 16) ഉൾപ്പെടെ ആകെ 24 + 16 = 40 വിവാദിമേളകർത്താരാഗങ്ങളുണ്ട്. വിവാദിരാഗങ്ങളിൽ വിവാദിസ്വരസ്ഥാനങ്ങൾ അടുത്തടുത്ത് വരുന്നതുകൊണ്ട്, അവ പൊതുവെ കർണ്ണാനന്ദകരമല്ലെന്നാണ് വെയ്പ്പ്. എന്നാൽ പ്രായംകൊണ്ട് കയ്പ്പുരസംപോലും സ്വാദിഷ്ടമാകുന്നപോലെ, വിവാദിരാഗങ്ങളും കാലക്രമേണ ഇഷ്ടകരമായി ഭവിക്കുന്നു.

മറ്റു രാഗങ്ങളിലെ മനോരഞ്ജകങ്ങളായ സ്വരക്കൂട്ടങ്ങൾ ഏറിയകൂറും ഉപയോഗിച്ചുകഴിഞ്ഞെന്നു തോന്നുന്നു. ഇനി, ഒരുപക്ഷേ, വിവാദിമേളങ്ങളിലെ കന്യകകളായ സ്വരസഞ്ചയങ്ങളോടായിരിക്കാം പുത്തനീണങ്ങൾ തേടുന്നവർക്കു പ്രതിപത്തി — ആർക്കറിയാം?